➪ തത്വചിന്തയുടെ ഗുണപരമായ ഒരു ഇടപെടലാണ് നാം കണ്ടത് ➪

ശാസ്ത്രദർശനപരമായ അന്വേഷണങ്ങൾ പരിചയപ്പെടുത്തുന്ന പംക്തി - 4

# ആകയാൽ തത്വചിന്ത ജീവിക്കുകയും അതിജീവിക്കുകയും ചെയ്യുന്നു

ശാസ്ത്രം കൊണ്ടുമാത്രം പരിഹരിക്കാവുന്ന വിഷയമല്ല നൈതികത. അതായത് സകലതിനും ഉത്തരം കൈവശമുള്ള നിയന്താവല്ല ശാസ്ത്രം. ആകയാൽ തത്വചിന്ത ജീവിക്കുകയും അതിജീവിക്കുകയും ചെയ്യുന്നു എന്ന്

**ഷിനോദ്. എൻ.കെ**

**ശാസ്ത്രദർശനത്തിന്** മൂന്നു തരത്തിൽ പ്രയോജനങ്ങൾ കാണുവാൻ കഴിയും.

1. ജ്ഞാനശാസ്ത്രപരം.
2. സാമൂഹികം.
3. നൈതികം

**1. ജ്ഞാനശാസ്ത്രപരമായ ഇടപെടലുകൾ**

ശാസ്ത്രത്തിന്റെ ചരിത്രം നോക്കിയാൽ അതൊരു അക്കാദമിക വിഷയമായി സ്വയം മാറിയതിനുശേഷവും തത്വചിന്ത അല്ലെങ്കിൽ തത്വചിന്താപരമായ ആലോചനകൾ അതിന്റെ വളർച്ചയിൽ ഗുണപരമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് കാണാനാകും. മികച്ച ഉദാഹരണങ്ങളിലൊന്ന്, ഒരുപക്ഷെ, ആപേക്ഷികതാ സിദ്ധാന്തത്തിന്റെ അനുഭവമായിരിക്കും. 1905ലെ ഐൻസ്റ്റൈന്റെ ആപേക്ഷികതാ സിദ്ധാന്തം ഉൾക്കൊള്ളുന്ന പ്രബന്ധം ആരംഭിക്കുന്നത് ഒരു ചിന്താപരീക്ഷണത്തിലാണ് (Thought Experiment). അന്ന് ലഭ്യമായിരുന്ന മാക്സ് വെല്ലിന്റെ (James Maxwell) കാന്തിക ബലതന്ത്രത്തിൽ (Electro Dynamics) ഒരു അസമമിതി (ammymetry) ഉണ്ടെന്നു കാണിക്കുവാനാണ് ഐൻസ്റ്റൈൻ ചിന്താപരീക്ഷണം ഉപയോഗിക്കുന്നത്. തുടർന്ന് നിരീക്ഷണ വിധേയമല്ലാത്ത ഒന്നിനോടും സിദ്ധാന്തങ്ങൾ സംവേദനക്ഷമമാകേണ്ടതില്ല എന്ന പോസിറ്റുവിസ്റ്റുകളിൽ നിന്നും പിന്തുടരുന്ന തത്വചിന്താപരമായ നിലപാട് പ്രയോഗിക്കുന്നു. താത്വികമായ ഈ നിലപാട് കൂടാതെ ആപേക്ഷികതാ സിദ്ധാന്തം നിർദ്ധരിക്കുവാൻ സാധ്യമായിരുന്നില്ല. തത്വചിന്തയുടെ ഗുണപരമായ ഒരു ഇടപെടലാണ് നാം കണ്ടത്.

ഇതുപോലെതന്നെ മറ്റൊരു ഇടപെടലാണ് ഫെമിനിസ്റ്റ് ചിന്തകൾ പരിണാമസിദ്ധാന്തത്തിന്റെ വ്യാഖ്യാനത്തിൽ നൽകിയത്. പുരുഷാധികാരകേന്ദ്രിതമായ സമീപനങ്ങൾ മറച്ചുവെച്ച, പരിണാമസിദ്ധാന്തത്തിന്റെ ജ്ഞാനശാസ്ത്രപരമായ ഇതര വ്യാഖ്യാനങ്ങളെ ഫെമിനിസ്റ്റുകളുടെ ഇടപെടലുകൾ മുന്നോട്ടുവയ്ക്കുകയുണ്ടായി (Okruhlik, 1994). ബൗദ്ധികശേഷി ഗോത്രപരമായി വ്യതിയാനപ്പെടുന്നുവെന്നും വെളുത്ത യൂറോപ്യൻ പുരുഷനാണ് ഏറ്റവും കൂടുതൽ ബുദ്ധിയെന്നും കറുത്തവന് ജനിതകപരമായി ബൗദ്ധികശേഷി കുറവാണ് എന്നും തെളിയിക്കാൻ ശ്രമിച്ച ശാസ്ത്രപ്രവർത്തനങ്ങളെയും നമുക്കിവിടെ ഓർക്കാവുന്നതാണ് (Gould). ശാസ്ത്രദർശനപരമായ ഇടപെടലുകൾ മേൽപ്പറഞ്ഞ ശാസ്ത്രീയ അബദ്ധങ്ങളെ തിരുത്തുന്നതിൽ സവിശേഷമായ പങ്കുവഹിച്ചിട്ടുണ്ട്.

പോസ്റ്റ് ഡോക്ടറൽ ഫെലോ.
ഡിപ്പാർട്ട്മെന്റ് ഓഫ് ഹ്യൂമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസസ്,
ഐ.ഐ.ടി ഡൽഹി.

**2. സാമൂഹികം**

ശാസ്ത്രവും കപടശാസ്ത്രവും തമ്മിലുള്ള വ്യത്യാസം ശാസ്ത്രദർശനത്തിലെ ഒരു പ്രധാന വിഷയമാണ്. ശാസ്ത്രവും കപടശാസ്ത്രവും തമ്മിലുള്ള ശാസ്ത്രദർശനപരമായ ആലോചനകൾ കോടതിമുറിയിൽ പ്രയോജനപ്പെട്ടതിന്റെ ഒരു ഉദാഹരണമാണ് ഇനിപ്പറയുന്നത്.

സ്കൂളുകളിൽ പരിണാമസിദ്ധാന്തം പഠിപ്പിക്കുന്നുണ്ടെങ്കിൽ അതിനോടൊപ്പം സൃഷ്ടിവാദവും(Creationism) പഠിപ്പിക്കണമെന്ന് 1981ൽ അമേരിക്കയിലെ അർകൻസാസ് സ്റ്റേറ്റ് നിയമനിർമ്മാണം നടത്തി (Arkansas Act 590). പരിണാമസിദ്ധാന്തത്തിനോളം ശാസ്ത്രീയമാണ് സൃഷ്ടിവാദം എന്നതുകൊണ്ട് സൃഷ്ടിവാദവും ശാസ്ത്രമാണ് എന്നായിരുന്നു പുതുനിയമത്തിന്റെ രത്നചുരുക്കം. ഇതിനെതിരെ അമേരിക്കൻ സിവിൽ ലിബേർട്ടീസ് യൂണിയൻ കോടതിയെ സമീപിച്ചു. പ്രസ്തുത കേസിൽ ഏതാണ് ശാസ്ത്രം എന്ന് നിശ്ചയിക്കുന്നതിന്, അമേരിക്കൻ സിവിൽ ലിബേർട്ടീസ് യൂണിയൻ മൈക്കിൾ റൂസിന്റെ സഹായം നേടുകയുണ്ടായി. റൂസ് ഒരു തത്വചിന്തകനാണ്. എന്തുകൊണ്ടാണ് സൃഷ്ടിവാദം ശാസ്ത്രമല്ല എന്ന റൂസിന്റെ വിദഗ്ധാഭിപ്രായത്തിന് ഈ വ്യവഹാരത്തിൽ പ്രാധാന്യമുണ്ടായിരുന്നു. റൂസിനോടൊപ്പം, സ്റ്റീഫൻ ഗൗൾഡ് അടക്കമുള്ള ശാസ്ത്രജ്ഞരും മൊഴി കൊടുക്കുകയുണ്ടായി. ഒടുവിൽ, സൃഷ്ടിവാദം പഠിപ്പിക്കേണ്ടതില്ലെന്ന് കോടതി വിധിച്ചു. തത്വചിന്തയുടെ സാമൂഹികമായ ഒരു ഇടപെടലാണ് നാം കണ്ടത്.

**3. നൈതികം**

മൂല്യബോധങ്ങൾ ശാസ്ത്രപ്രവർത്തനത്തെ ബാധിക്കുന്നില്ല എന്ന തെറ്റിദ്ധാരണ ഇല്ലാത്തവർക്ക് ശാസ്ത്രം അതുയർത്തുന്ന നൈതിക പ്രശ്നങ്ങളെ പരിഹരിക്കാൻ ഉതകുകയില്ല എന്ന് വ്യക്തമാണ്. ശാസ്ത്രത്തിന്റെ ജ്ഞാനശാസ്ത്രപരമായ നിലമകളിൽ വിവിധങ്ങളായ മൂല്യങ്ങൾ ഇടപെടുന്നുണ്ടെന്ന് ശാസ്ത്രദർശനത്തിൽ ഇന്ന് സുവിദിതമായ കാര്യമാണ്. വൈദ്യശാസ്ത്രരംഗത്തെ ഗവേഷണങ്ങളാണ് ഇതിന്റെ മികച്ച ഉദാഹരണം. ഇവയെ മാറ്റി നിർത്തിയാൽ പോലും, ധാർമ്മികമായി ശരിയേത് എന്ന് ശാസ്ത്രത്തിന് ഉത്തരം പറയാനാകുമെന്ന് തെറ്റിദ്ധാരണ ധാരാളമുണ്ട്. സാം ഹാരിസിനെപ്പോലെയുള്ളവർ (ഹാരിസ് 2010) ഈ ധാരണക്കാരാണ്. ശാസ്ത്രം വസ്തുലോകത്തെപ്പറ്റിയുള്ള അറിവും ധാരണയും നൽകുന്നുണ്ട്. വസ്തുതകളിൽനിന്നും തുടർന്ന് എന്തുവേണമെന്ന തീരുമാനത്തിലേക്ക് എത്തുന്നതിന് ഒന്നിലധികം സാധ്യതകൾ എല്ലായ്പ്പോഴും ലഭ്യമാണ്. ഉദാഹരണത്തിന് ഭിന്നലൈംഗികരുടെ പ്രശ്നം പരിഗണിക്കുക. ഇന്ത്യയിൽ സ്വവർഗലൈംഗികത കുറ്റകരമല്ലാതാക്കിയത് സമീപകാലത്താണ്. എന്തുകൊണ്ട് ഒരാൾ സ്വവർഗാനുരാഗിയായി എന്നതിന് ഉത്തരം നൽകാൻ ശാസ്ത്രത്തിനു കഴിയും. എന്നാൽ, ഒരാൾ ജൈവികമായി എന്താണോ അതായിരിക്കുകയാണ് നന്നെന്നും അതാണ് നൈതികമായ ശരിയെന്നും തീരുമാനമെടുക്കുന്നതിന് മേൽപ്പറഞ്ഞ ശാസ്ത്രീബോധ്യം പര്യാപ്തമല്ല. ഇതിനെ മറ്റൊരുദാഹരണം കൊണ്ട് വ്യക്തമാക്കാം. ഒരാൾ pedophile ആകുന്നത് എന്തുകൊണ്ടാണ് എന്ന് നാം ശാസ്ത്രീയമായി തെളിയിച്ചു എന്നു കരുതുക. ഇത് പക്ഷേ അയാൾ കുട്ടികളെ ലൈംഗികമായി ഉപയോഗിക്കുന്നതിന് ശരിവയ്ക്കുന്നില്ല. എന്താണ് എന്നതിൽ നിന്നും/എന്തുകൊണ്ടാണ് എന്നതിൽ നിന്നും എന്തായിരിക്കണം എന്നതിലേക്ക് കുതിക്കുന്നത് ഒരു യുക്ത്യാഭാസമാണ് (Fallacy). ഇതിന്റെ അർത്ഥം നൈതികമായ ആലോചനകളിൽ ശാസ്ത്രത്തിന് പ്രാധാന്യം ഇല്ല എന്നല്ല. മറിച്ച്, ശാസ്ത്രം കൊണ്ടുമാത്രം പരിഹരിക്കാവുന്ന വിഷയമല്ല നൈതികത എന്നാണ്. അതായത് സകലതിനും ഉത്തരം കൈവശമുള്ള നിയന്താവല്ല ശാസ്ത്രം. ആകയാൽ തത്വചിന്ത ജീവിക്കുകയും അതിജീവിക്കുകയും ചെയ്യുന്നു. ■

> ഉദാഹരണത്തിന് ഭിന്നലൈംഗികരുടെ പ്രശ്നം പരിഗണിക്കുക. ഇന്ത്യയിൽ സ്വവർഗലൈംഗികത കുറ്റകരമല്ലാതാക്കിയത് സമീപകാലത്താണ്. എന്തുകൊണ്ട് ഒരാൾ സ്വവർഗാനുരാഗിയായി എന്നതിന് ഉത്തരം നൽകാൻ ശാസ്ത്രത്തിനു കഴിയും. എന്നാൽ, ഒരാൾ ജൈവികമായി എന്താണോ അതായിരിക്കുകയാണ് നന്നെന്നും അതാണ് നൈതികമായ ശരിയെന്നും തീരുമാനമെടുക്കുന്നതിന് മേൽപ്പറഞ്ഞ ശാസ്ത്രീബോധ്യം പര്യാപ്തമല്ല.

**കേരളീയം ഡിജിറ്റൽ ആർക്കൈവ്**

1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ വായിക്കാൻ സന്ദർശിക്കുക.

www.keraleeyammasika.com